പുത്തൂർ സുവോളജിക്കൽ പാർക്ക്

266 (272) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

ഇപ്പോൾ തൃശ്ശൂർ നഗരത്തിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഇതിനാവശ്യമായ 150 കോടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയത് സെൻട്രൽ സൂ അതോറിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം പക്ഷിമൃഗാദികളെ പ്രദർശിപ്പിക്കുന്നിടം, അവയുടെ ആരോഗ്യ സുരക്ഷയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ, സന്ദർശകർക്കുവേണ്ടിയുള്ള സൗകര്യങ്ങളും കൂടാതെ പ്രകൃതി പഠനം, ഗവേഷണം തുടങ്ങിയവയ്ക്കുമുള്ള സൗകര്യങ്ങൾ ഡിസൈൻ ചെയ്യാനായി ലോക പ്രശസ്തനായ സൂ ഡീസൈനർ ശ്രീ. ജോൺ കോയുടെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നുണ്ട്.

സുവോളജിക്കൽ പാർക്കിന് ആവശ്യമായ ശുദ്ധജല വിതരണവും മലിനജലം ശുദ്ധീകരിച്ച് പുനചംക്രമണം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുവാൻ ആവശ്യമായ കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം തൃശ്ശൂർ സുവോളജിക്കൽ പാർക്കിനാവശ്യമുള്ള 2.5 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ പ്രത്യേക ഡിസൈനുകൾ ആവശ്യമില്ലാത്ത സൂ കിച്ചൺ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അഗസ്ത്യാർകൂടം സന്ദർശനം

267 (273) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ അഗസ്ത്യാർകൂടം സന്ദർശനം പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തത് ഏതൊക്കെ ദിവസങ്ങളിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സന്ദർശനത്തിനായി പാസ് നൽകിയത് എപ്രകാരമൊക്കെയായിരുന്നു;

(സി) എത്ര പേർക്കാണ് പാസ് നൽകിയത്;

(ഡി) എത്ര അന്യ സംസ്ഥാനക്കാർക്കാണ് പാസ് നൽകിയത്;

(ഇ) സ്ഥിരമായി അഗസ്ത്യാർകൂട സന്ദർശനം നടത്തിവരുന്ന കേരളീയർക്ക് മുഴുവൻ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം 2015 ജനുവരി 15 മുതൽ 2015 ഫെബ്രുവരി 17 വരെയുള്ള 34 ദിവസം പൊതുജനങ്ങൾക്കായി അഗസ്ത്യാർകൂടം സന്ദർശനത്തിന് അനുമതി നൽകിയിരുന്നു.

(ബി) കേരള സംസ്ഥാന ഐ.റ്റി. മിഷന്റെ സഹായത്തോടുകൂടി അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ് സന്ദർശനത്തിനുള്ള പാസ് നൽകിയത്.

(സി) പ്രതിദിനം 100 പേർക്ക് എന്ന കണക്കിൽ 3400 പേർക്ക് പാസ് നൽകുകയുണ്ടായി.

(ഡി) പോണ്ടിച്ചേരി സംസ്ഥാനത്തിൽപ്പെട്ട 6 പേർക്കും തമിഴ്നാട് സംസ്ഥാനത്തിൽപ്പെട്ട 518 പേർക്കും കർണ്ണാടക സംസ്ഥാനത്തിൽപ്പെട്ട 17 പേർക്കും പാസ് അനുവദിക്കുകയുണ്ടായി.

(ഇ) അഗസ്ത്യാർകൂടം സ്ഥിരം സന്ദർശനം നടത്തി വരുന്നവരുടെ വിവരങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല. മാത്രമല്ല, സന്ദർശനാനുമതി നൽകുന്ന കാലയളവിൽ പ്രതിദിനം പരമാവധി 100 ആൾക്കാരെ ഉൾക്കൊള്ളിക്കുന്നതിനുള്ള സൗകര്യങ്ങൾ മാത്രമേ ഇടത്താവളമായ അതിരുമലയിൽ ഉള്ളൂ. ഇതിൽ കൂടുതൽ ആൾക്കാരെ സന്ദർശിക്കുവാൻ അനുവദിക്കുന്നത് പരിസ്ഥിതി സംരക്ഷണത്തെ മുൻനിർത്തിയും അഭിലഷണീയമല്ല.

മിഷൻ 676-ൽ പരിസ്ഥിതി സംരക്ഷണം

268 (274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly